"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.മഞ്ജു.എ.കെ.-ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം.1208/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

പരാമർശം:- 1. 22.08.2019 തീയതിയിലെ സ.ഉ(സാധാ) നം.1817/2019/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ്

2. മുഖ്യനഗരാസൂത്രകന്റെ 20.02.2021 ലെ TCPCTP/2053/2020-A3 നമ്പർ കത്ത്.

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 05.01.2021 ലെ GE11/A/850നമ്പർ കത്ത്.

ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 24.08.2019 അപരാഹ്നം മുതൽ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.മഞ്ജു.എ. കെ. , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 24.02.2020 അപരാഹ്നം പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാളുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. നിരീക്ഷണ കാലയളവിൽ ടിയാൾ ഒരു ദിവസം പിന്നിലായി ചേർത്ത് 04.12.2019 മുതൽ 07.12.2019 വരെ 4 ദിവസവും രണ്ട് ദിവസം പിന്നിലായി ചേർത്ത് 28.12.2019 മുതൽ 10.01.2021 വരെ 14 ദിവസവും കൂടി ചേർത്ത് ആകെ 21 ദിവസത്തെ അവധി വിനിയോഗിച്ചതായി അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 24.08.2019 അപരാഹ്നത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി.മഞ്ജു.എ.കെ.യുടെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ. റൂൾ 20 (ബി) പ്രകാരം ടി കാലയളവിൽ ടിയാൾ വിനിയോഗിച്ച അവധി കാലയളവ് 21 ദിവസം കൂടി കണക്കിലെടുത്ത് 17.03..2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി. മഞ്ജു. എ. കെ., ഡെപ്യൂട്ടി ടൗൺ പ്ലാനർ (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/98/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ